ഉത്തരം

(എ) ഉണ്ട്.

(ബി) നാഗ്ലളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി ശ്രുപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി. പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ (സാധാ.) നമ്പർ 2306/2014/ത.സ്വഭവ. സർക്കാർ ഉത്തരവും, 16-10-2014-ലെ (സാധാ) നമ്പർ 2673/14/തസ്വഭവ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

281 (3568) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിലെ ആറനാട് പഞ്ചായത്തിനെ നന്ദികേശ ശില്പനിർമ്മാണ പൈതൃകകേന്ദ്രമായി പ്രഖ്യാപിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അടിയന്തരമായി ആറനാടിനെ നന്ദികേശശില്പഗ്രാമമായി പ്രഖ്യാപിക്കുമോ ;

(ഇ) ഇതിനാവശ്യമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly